# കേരള സർവകലാശാല

നം. പി.ആർ.168/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം നെടുമങ്ങാട് പനവൂർ മുസ്ലിം അസോസിയേഷൻ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. കോഴ്സ് കാലാവധി ആറ് മാസം. യോഗ്യത പ്ലസ് ടു/പ്രീ ഡിഗ്രി. കോഴ്സ് ഫീസ് 7500 രൂപ. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ മാത്രം. അപേക്ഷ കോളേജിലെ തുടർവിദ്യാഭ്യാസ യൂണിറ്റിൽ നിന്ന് ലഭിക്കും. അപേക്ഷാഫീസ് 110 രൂപ. ഫോൺ 0472–2867555, 7293973530

### പി.ജി സർട്ടിഫിക്കറ്റ് ഇൻ കൗൺസലിംഗ്: അഡ്മിഷൻ തുടരുന്നു

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിൽ ആഗസ്റ്റ് അഞ്ചിന് ക്ലാസ് ആരംഭിക്കുന്ന പി.ജി സർട്ടിഫിക്കറ്റ് ഇൻ കൗൺസലിംഗ് കോഴ്സിന് അഡ്മിഷൻ തുടരുന്നു. കേരള സർവകലാശാല അംഗീകരിച്ച ബിരുദമാണ് യോഗ്യത. കോഴ്സ് ഫീസ് 7500 രൂപ. അപേക്ഷ ഫീസ് 100 രൂപ. ക്ലാസ് ശനി, ഞായർ ദിവസങ്ങളിൽ മാത്രം. താൽപര്യമുള്ളവർ പി.എം.ജി ജംഗ്ഷനിലെ തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം ഓഫിസുമായി ബന്ധപ്പെടുക. 0471–2302523

### പ്രോജക്ട് ഫെലൊ താൽകാലിക ഒഴിവ്

കേരള പരിസ്ഥിതി കാലാവസ്ഥ വകുപ്പിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഗവേഷണ പ്രോജക്ടിൽ പ്രോജക്ട് ഫെലൊയുടെ താൽകാലിക ഒഴിവുണ്ട്. ജി.ഐ.എസ് പ്രവൃത്തി പരിചയത്തോടെയുള്ള പരിസ്ഥിതി ശാസ്ത്ര/ജീവശാസ്ത്ര വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമാണ് അടിസ്ഥാന യോഗ്യത. ജി.ഐ.എസ് പി.ജി ഡിപ്ലോമ അഭിലഷണീയം. അപേക്ഷകൾ വിശദമായ ബയോഡാറ്റ സഹിതം ഡോ. ബിജുകുമാർ, അക്വാട്ടിക് ബയോളജി വകുപ്പ്, കേരള സർവകലാശാല, കാര്യവട്ടം തിരുവനന്തപുരം 695581 എന്ന വിലാസത്തിൽ ആഗസ്റ്റ് ഏഴിന് മുമ്പ് ലഭിക്കണം.

### എം.ടെക് കമ്പ്യൂട്ടർ സയൻസ് (2017 അഡ്മിഷൻ) സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം കമ്പ്യൂട്ടർ സയൻസ് പഠനവകുപ്പിൽ AICTE അംഗീകൃത എം.ടെക് കമ്പ്യൂട്ടർ സയൻസി (ഡിജിറ്റൽ ഇമേജ് കമ്പ്യൂട്ടിംഗ്) ലെ എസ്.സി/എസ്.ടി വിഭാഗത്തിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ അസൽ പകർപ്പുകളുമായി ആഗസ്റ്റ് ഒന്ന് രാവിലെ 11 മണിക്ക് കമ്പ്യൂട്ടർ സയൻസ് പഠനവകുപ്പിൽ ഹാജരാകേണ്ടതാണ്.

### കമ്മ്യൂണിക്കേഷൻ സ്കിൽസ് ഇൻ ഇംഗ്ലീഷ് കോഴ്സ് അപേക്ഷകൾ ക്ഷണിക്കുന്നു

കേരള സർവകലാശാല സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിംഗ് നടത്തുന്ന കമ്മ്യൂണിക്കേഷൻ സ്കിൽസ് ഇൻ ഇംഗ്ലീഷ് എന്ന ഹ്രസ്വ കാല സർട്ടിഫിക്കറ്റ് കോഴ്സിലേക്കുള്ള ആപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷിക്കാനുള്ള അവ

സാന തീയതി ആഗസ്റ്റ് 16. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ കോഴ്സ് (ഈവനിംഗ്) 2017-18: എസ്.ടി വിഭാഗത്തിന് സ്പോട്ട് അഡ്മിഷൻ

പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ കോഴ്സ് (ഈവനിംഗ്) 2017-18 ബാച്ചിലേക്ക് എസ്.ടി വിഭാഗത്തിൽ ഒഴിവുള്ള സീറ്റിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ആഗസ്റ്റ് രണ്ടിന് രാവിലെ 10.00-ന് പാളയത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ നടക്കും. താത്പര്യമുള്ളവർ ബന്ധപ്പെട്ട രേഖകളുമായി ഹാജരാകണം.

## എൽ.എൽ.ബി ഫലം

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ (ത്രിവത്സരം), ഒമ്പതാം സെമസ്റ്റർ (പഞ്ചവത്സരം) എൽ.എൽ.ബി ഡിഗ്രി പരീക്ഷകളുടെ (201-12 ന് മുമ്പുള്ള അഡ്മിഷൻ) (കോമൺ ഫോർ മേഴ്സി ചാൻസ്) ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 25 വരെ അപേക്ഷിക്കാം.

## പി.ജി അഡ്മിഷൻ: ബിരുദ മാർക്ക്/ഗ്രേഡുകൾ വെബ്സൈറ്റിൽ രേഖപ്പെടുത്താനുള്ള തീയതി നീട്ടി

കേരള സർവകലാശാല പഠനവകുപ്പുകളിലേക്ക് ബിരുദാനന്തരബിരുദ പ്രവേശന പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ അവരവരുടെ ബിരുദതല പരീക്ഷയുടെ മാർക്കും വിശദവിവരങ്ങളും ചേർക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനുമുള്ള അവസാന തീയതി ആഗസ്റ്റ് 10 വരെ നീട്ടി.

## ബി.എ ഓണേഴ്സ് ടൈംടേബിൾ

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ലക്ചറർ : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല ഡെമോഗ്രഫി പഠനവകുപ്പിൽ കരാറടിസ്ഥാനത്തിൽ ആക്ചൂരിയൽ സയൻസ് ലക്ചറർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

തിരുവനന്തപുരം.
27.07.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098